# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:4021      27.06.2012 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിൽ പ്രോജക്ട് ഡിവിഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയ്ക്കായി നിലവിൽ വാട്ടർ അതോറിറ്റിയുടെ ഒരു പ്രോജക്ട് ഡിവിഷൻ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒന്നിൽകൂടുതൽ പ്രോജക്ട് ഡിവിഷനുകളുള്ള ജില്ല ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | എറണാകുളം ജില്ലയിൽ നാല് പ്രോജക്ട് ഡിവിഷനുകളും (പെരുമ്പാവൂർ പ്രോജക്ട് ഡിവിഷൻ/പിറവം പ്രോജക്ട് ഡിവിഷൻ/ ജൻറം പ്രോജക്ട് ഡിവിഷൻ കൊച്ചി/ ജൻറം സിവറേജ് പ്രോജക്ട് ഡിവിഷൻ കൊച്ചി) കണ്ണൂർ ജില്ലയിൽ രണ്ട് പ്രോജക്ട് ഡിവിഷനുകളും (കണ്ണൂർ/മട്ടന്നൂർ പ്രോജക്ട് ഡിവഷനുകൾ) ഉണ്ട്. |
| (സി) | കുടിവെള്ള ക്ഷാമം രൂക്ഷമായി നേരിടുന്ന കാസർഗോഡ് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി അനുമതി ലഭിക്കുന്നതിനും അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുമായി ജില്ലയ്ക്ക് ഒരു പ്രോജക്ട് ഡിവിഷൻ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ